# കുരിശ് എന്ന അനുഗ്രഹീത വൃക്ഷം

**ഫാ. കെ. എം. ജോർജ്ജ്**

പാതിനോമ്പിൽ പള്ളിയുടെ മധ്യത്തിൽ നാം കുരിശ് സ്ഥാപിക്കുന്നു. ഇതിന് പ്രതീകാത്മകമായ അർത്ഥമാണ് ( symbolic meaning ) സഭ കല്പിക്കുന്നത്. പള്ളി അഥവാ ദേവാലയം ദൈവസൃഷ്ടിയായ ഈ പ്രപഞ്ചത്തിന്റെ ചെറിയ രൂപമാണ്. അപ്പോൾ സൃഷ്ടിയുടെ കേന്ദ്രത്തിലാണ് യേശുവിന്റെ സ്ലീബാ സ്ഥാപിക്കപ്പെടുന്നത്. അതുപോലെ, നാൽപ്പതുനോമ്പ് നമ്മുടെ ആയുസിന്റെയും പ്രപഞ്ചത്തിന്റെയും എല്ലാം പ്രതീകാത്മകമായ കാലമാണ്. അതിന്റെ പകുതിയിലാണ് കുരിശുവയ്ക്കുന്നത്. അപ്പോൾ സ്ഥലകാലങ്ങളുടെ ( space-time ) കേന്ദ്രത്തിലാണ് കർത്താവിന്റെ രക്ഷാകരമായ കുരിശുനാട്ടപ്പെടുന്നത്. ക്രിസ്തുവിലൂടെയുള്ള രക്ഷയുടെ സാർവ്വജനീനതയാണ് ഇതു കാണിക്കുന്നത്.

മോശ മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തി, ഇസ്രായേൽ ജനതയെ സർപ്പവിഷത്തിൽ നിന്ന് രക്ഷിച്ച കഥ, പാതിനോമ്പിലെ ശുശ്രൂഷയുടെ പശ്ചാത്തലമാണ്. ഗ്രീക്കുകാരുടെ പുരാതന വൈദ്യശാസ്ത്രത്തിൽ പാമ്പ് സന്നിഗ്ധ പ്രതീകമാണ് ഒരേസമയം മരണത്തിന്റെയും ജീവന്റെയും. പാമ്പുവിഷം മരണകാരണമാണ്. അതേ വിഷം തന്നെ ചെറിയ ഡോസിൽ വിഷത്തിന് പ്രതിരോധം ആയി തീരുന്നു. പാളയത്തിൽ ഉയർത്തപ്പെട്ട പിച്ചളസർപ്പം പിൽക്കാല വ്യാഖ്യാനത്തിൽ കുരിശിന്മേൽ ഉയർത്തപ്പെട്ട ക്രിസ്തു രൂപമാണ്. അത് സൗഖ്യത്തിന്റെയും ജീവന്റെയും അടയാളം ആണ്. വിശ്വാസത്തോടെ ക്രിസ്തുവിങ്കലേക്ക് നോക്കുന്നവർ മാരകമായ വിഷങ്ങളിൽ നിന്നും മരണത്തിൽ നിന്നും മോചനം പ്രാപിച്ചു സൗഖ്യവും ജീവനും നേടുന്നു.

മറ്റൊരു പ്രതീകം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. പാതിനോമ്പിൽ പള്ളിയുടെ മദ്ധ്യത്തിൽ നാം സ്ഥാപിക്കുന്നത് ജീവന്റെ വൃക്ഷമാണ്. തക്സായിൽ പറയുന്നത് പോലെ, “ മറിയാമെന്ന വരണ്ട ഭൂമിയിൽ നിന്ന് മുളച്ചുവന്ന്, തന്റെ സൗരഭ്യംമൂലം ലോകത്തിന്റെ നാനാഭാഗത്തുനിന്നും തിന്മയുടെ ദുർഗന്ധം മാറ്റുന്ന അനുഗ്രഹിത സസ്യം”. പറുദീസയുടെ മദ്ധ്യത്തിലുണ്ടായിരുന്ന നന്മതിന്മകളുടെ വൃക്ഷം ആദാമിനും ഹവ്വായ്ക്കും മനുഷ്യവർഗ്ഗത്തിനു മുഴുവനും മരണ കാരണമായി തീർന്നെങ്കിൽ, അവിടെത്തന്നെയുള്ള ജീവന്റെ വൃക്ഷം നമുക്ക് രക്ഷയ്ക്കും നിത്യജീവനും കാരണമായിത്തീർന്നു. ദൈവാലയത്തിനുള്ളിൽ, അതായത് തോട്ടത്തിന് മധ്യത്തിൽ ഉയർത്തപ്പെടുന്ന ആ ജീവവൃക്ഷമാണ് സ്ലീബാ. വെളിപാടു പുസ്തകത്തിൽ ജനതകൾക്ക് സൗഖ്യം നൽകുന്ന ഇലകളുള്ള വൃക്ഷത്തെക്കുറിച്ച് പറയുന്നു.

ഇനിമുതൽ നോമ്പിന്റെ അവസാനം വരെയും, വിശുദ്ധവാരത്തിൽ കർത്താവിന്റെ പീഡാനുഭവം, കുരിശാരോഹണം, കബറടക്കം, ഉയർപ്പ്, സ്വർഗ്ഗാരോഹണം എന്നിവ വരെയും ക്രിസ്തുശരീരത്തിന്റെ പ്രതീകമായി നിൽക്കുന്നത് ഈ കുരിശാണ്. നമ്മുടെ ജീവന്റെയും സകലസൃഷ്ടികളുടെ ജീവന്റെയും കേന്ദ്രത്തിൽ മുളച്ചുവന്ന്, ഉയർന്നു നിൽക്കുന്ന കുരിശ് എന്ന അനുഗ്രഹീത വൃക്ഷം നമുക്ക് ദൈവകരുണയുടെ അടയാളമാണ്. നമുക്ക് വിശ്വാസത്തോടും പ്രത്യാശയോടുംകൂടി ഈ കുരിശിലേക്ക് നോക്കാം. സൗഖ്യദായകനായ നമ്മുടെ കർത്താവു നമ്മുടെ പാപങ്ങളെയും എല്ലാ തിന്മകളെയും നീക്കി, നമുക്ക് സൗഖ്യവും ജീവനും നൽകട്ടെ. ലോകത്തിൽ പുതിയ ജീവന്റെ വസന്തസൗരഭ്യം പ്രസരിക്കട്ടെ.

(ഫാ. കെ. എം. ജോർജ്ജ് പാതിനോമ്പ് ശുശ്രൂഷാ മദ്ധ്യേ ദേവലോകം അരമന ചാപ്പലിൽ 2014-ൽ ചെയ്ത പ്രസംഗം)